# INTERNATIONAL INDIAN SCHOOL DAMMAM
## FIRST TERMINAL EXAMINATION (2017-18)

CLASS: VIII DURATION: 3 Hr
SUBJECT: MALAYALAM MAX MARKS: 80

**I.ഗദ്യഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക .**

ശീലങ്ങളുടെ പ്രയോഗവും പ്രാധാന്യവും വ്യക്തിത്വവികസനത്തിന് അത്യന്താപേക്ഷിതമാണ്. നല്ലതും ചീത്തയുമായ ഒട്ടനവധി ശീലങ്ങളുടെ ആകെത്തുകയാണ് മനുഷ്യൻ . നല്ല ശീലങ്ങൾ മനുഷ്യനെ നേർവഴിയിലൂടെ നടത്തുകയും, സമഗ്രമായ വ്യക്തിത്വത്തെ പ്രകാശിപ്പിക്കുകയും സ്വഭാവത്തിൽ സന്തുലിതാവസ്ഥ സൃഷ്ടിക്കുകയും ചെയ്യാൻ സഹായിക്കുന്നു. ചൊട്ടയിലെ ശീലം ചുടലവരെ എന്ന ചൊല്ല് സ്വാർത്ഥകമാണ്. ശൈശവബാല്യങ്ങൾ ശീലരൂപീകരണത്തിന്റെ പഠനക്കളരികളാണ്. അന്യനോടുള്ള ആദരവ്, സാമൂഹികബോധം, മൂല്യങ്ങളോടുള്ള താല്പര്യം, സ്നേഹം, ആർദ്രത, ധീരത, സഹകരണമനോഭാവം, പ്രതികരണശേഷി, സഹനശക്തി തുടങ്ങിയ ശീലങ്ങൾ വളർത്തിയെടുക്കാൻ വിദ്യാർത്ഥികളെ പരിശീലിപ്പിക്കേണ്ടത് വിദ്യാലയങ്ങളുടെ ധർമ്മമാണ്. ഒരേ പ്രവൃത്തി തന്നെ അതേ രീതിയിൽ അതേ അളവിൽ ആവർത്തിച്ചുറക്കുന്നതാണ് ശീലം. വിദ്യാഭ്യാസവും ശീലവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മാനസികവും ശാരീരികവും ആത്മീയവുമായ ഉത്തമാംശങ്ങളെ പരിപോഷിപ്പിക്കുക, ആവർത്തിച്ചുറപ്പിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യം. ഒരു വ്യക്തിയുടെ ശീലം രൂപപ്പെടുന്നതിൽ അച്ഛനമ്മമാരും കളിക്കൂട്ടുകാരും വിദ്യാലയാധികൃതരും പങ്കാളികളാണ്. അതിനാൽ ശീലങ്ങൾ മഹത്തരമാകാൻ വിദ്യാലയങ്ങൾ മഹത്തായ പണിപ്പുരകളായിമാറണം.

1. വിദ്യാലയങ്ങളുടെ ധർമ്മം എന്താണ് ? 2
2. എന്താണ് ശീലം, അതെന്തുമായി ബന്ധപ്പെട്ടിരിക്കുന്നു ? 2
3. നല്ല ശീലങ്ങൾ എന്തിനെല്ലാം സഹായിക്കുന്നു ? 2
4. വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യം എന്താണ് ? 2
5. ഒരു വ്യക്തിയുടെ ശീലം രൂപപ്പെടുത്തുന്നതിൽ ആരെല്ലാം പങ്കുവഹിക്കുന്നു ? 2



P.T.O

II.ബ്രാക്കറ്റിൽ നിന്നും ശരിയായ അക്ഷരം തെരഞ്ഞെടുത്ത് പദം - പൂരിപ്പിക്കുക

( ജി, ദ, ക്ഷ, ഥി, ജ്ഞാ, ചി, ഞാ, ന്ത, ത )
1. ത__ശാലി 2. ഗ്രാമവീ__ 3. അപരി__തൻ 4. പരീ__ണം 5. ആ__രണീയൻ 6
6. ഉപ__താവ്

III.അർത്ഥം എഴുതുക
1. സ്വനം 2. അംശുമാൻ 3. അഭിരുചി 4. അന്വേഷിക്കുക 5. ഉക്തി 6. പ്രഭ 6

IV.വിപരീതം
1. ബാല്യം 2. യോജിക്കുക 3. പുലരി 4.നഗരം 5. ഉദിക്കുക 6.സ്വാതന്ത്ര്യം 6

V.പര്യായം
1. അടർ 2. കുയിൽ 3. കനകം 4. സൂര്യൻ 5. ഗേഹം 6. പൂച്ച 6

VI.നാനാർത്ഥം
1. ക്ഷമ 2. മേനി 3. വർഷം 3

VII.വിഗ്രഹിക്കുക
1. ദീനഭാവം 2. പ്രകാശവസ്തു 3. നിത്യസ്മാരകങ്ങൾ 3

VIII.ചേർത്തെഴുതുക
1. കൊടുക്കും+ തോറും 2. ഭാഗം+ ആയാണ് 3. വെടിപ്പ് +എഴുന്നോൾ
4.കണ്ടുപിടിത്തം+കൾ 4

IX.പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക
1. കുസൃതിയുടെ 2. ആരാണുറങ്ങുന്നത് 3. വളരെക്കാലമായി 4.വിത്തമെന്തിന്
4

X.വാക്യത്തിൽ പ്രയോഗിക്കുക
1. അഭിരുചി 2. വിലമതിക്കുക 2

XI.പദ്യം പൂരിപ്പിക്കുക (First 10 lines)
വിത്തമെന്തിനു______
______വേളയിലംശുമാൻ 5

XII.ഖണ്ഡിക തയ്യാറാക്കുക
ഗ്രന്ഥപാരായണം 5

XIII.ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരമെടുത്തെഴുതുക (5)

1.'കാക്ക' എന്ന കവിത ഏതു കൃതിയിൽ നിന്നെടുത്തതാണ് ?
( കന്നിക്കൊയ്ത്ത്, ദീപാവലി, രമണൻ )

2. പുത്തൻ ട്രാൻസ്മിറ്റർ നിർമ്മിച്ചതിന് എഡിസനു ലഭിച്ച അവാർഡ് എന്ത്?
( 30000,ഡോളർ 20000, ഡോളർ 40000, ഡോളർ)

3. ആരാണുറങ്ങുന്ന, തേൽക്കുകെന്നായ്
കാരണവത്തിതന്നുക്തിപോലെ !
ആരെയാണ് കാരണവത്തിയായി കവി സൂചിപ്പിക്കുന്നത് ?
( ഗേഹലക്ഷ്മി, ഉണ്ണി, കാക്ക )

4. എഡിസൻ ഫാക്ടറി സ്ഥാപിച്ചത് എവിടെ ?
( ബോസ്റ്റണിൽ, ഒഹിയോയിൽ, മെൻലോപാർക്കിൽ )

5. രമണകൻ ആരുടെ മകനായിരുന്നു ?
( ഗ്രാമപതി, വിഷ്ണുഗുപ്തൻ, ഗ്രാമപുരോഹിതൻ

XIV.ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

1. അകക്കണ്ണു തുറപ്പിക്കുന്നത് ആര് ? 2
2. വൈലോപ്പിള്ളി കവിതയുടെ പ്രത്യേകത എന്ത് ? 2
3. പ്രഭാത ചന്ദ്രനെ കവിതയിൽ സങ്കല്പിച്ചിട്ടുള്ളത് എങ്ങനെയാണ് ? 2

XV.രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക

1. കാക്കയുടെ പ്രത്യേകതകൾ എന്തെല്ലാം ? 4

XVI. ഉത്തരമെഴുതുക

1. വിദ്യ മഹാധനമാണെന്നു പറയുന്നതെന്തുകൊണ്ട് ? 5

OR

2. എഡിസന്റെ ബാല്യകാലത്തെ പ്രത്യേകതകൾ എന്തെല്ലാം?